(സി) ലഭിച്ചിരുന്നു. പുനഃസമർപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിന്റെ ഇമുമായി ബന്ധപ്പെട്ട കറിപ്പു ഫയലിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഡി&ഇ) തടസ്സമുണ്ടായിരുന്നോ എന്ന കാര്യം (ഡി.എ.) വകുപ്പ് വ്യക്തമാക്കിയിട്ടില്ല. ഡി.സി. സെക്ഷനിൽ ഫയൽ ലഭിച്ചിട്ട് ഇപ്പോൾ 114 ദിവസമായി. പ്രസ്തുത പ്രവൃത്തിക്ക് 41 ലക്ഷം രൂപയുടെ ഭരണാനുമതി തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പിൽനിന്നും 23-7-2015 ലെ ജി.ഒ.(ആർ.ടി) നമ്പർ 2250/2015/ തസ്വഭവ എന്ന ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ഇ-ഫയലിൽ നടപടികൾ മുന്നോട്ട് നീങ്ങുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്തെന്നാൽ ഡി.സി. സെക്ഷനിൽ ഉണ്ടായിരുന്ന അസിസ്റ്റന്റ് ലീവിൽ പോയതിനെ തുടർന്ന് സെക്ഷൻ ഓഫീസറുടെ ജോലിഭാരം ഇരട്ടിച്ചതുമൂലം ശരിയായ രീതിയിൽ ഇ-ഫയൽ ശ്രദ്ധിക്കാൻ കഴിയാതെ വന്ന അവസ്ഥയും ഇതിനുപുറമേ ആസ്തിവികസനവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ഡി.സി. സെക്ഷനിൽ കൈകാര്യം ചെയ്യുവരുന്നത് physical ഫയൽ മുഖാന്തരമായതിനാലാണ് ഇക്കാര്യത്തിൽ ബോധപൂർവ്വമല്ലാത്ത കാലതാമസം ഉണ്ടായത്. അടിയന്തരമായി ഫയലിൽ തീരുമാനമായാൽ, മറ്റ് ഒഴിവാക്കാൻ കഴിയാത്ത മീറ്റിംഗുകളുമായി ബന്ധപ്പെട്ട് ഔദ്യോഗിക തിരക്കില്ലെങ്കിൽ കരട് ഉത്തരവ് സെക്ഷനിൽനിന്നും നൽകുന്ന ദിവസംതന്നെ ഉത്തരവാക്കാൻ കഴിയും.

മാവേലിക്കര വള്ളിക്കുന്നം പഞ്ചായത്തിലെ ആസ്തി വികസന പദ്ധതി

159 (5512) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര വള്ളികുന്നം പഞ്ചായത്തിലെ അയ്യൻകാളി സാംസ്കാരിക നിലയത്തിന് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും നാളിതുവരെയും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

160 (5513) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 200-ലേറെ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇവരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ എന്ന് നടത്താനാകും ;

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊമോഷൻ നടത്താത്തത് ഗുരുതരമായ വീഴ്ചയല്ലേ ?

ഉത്തരം

(എ-സി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ 16-7-2015 ലെ ഇ1-01/2015-ാം നമ്പർ ഉത്തരവ് പ്രകാരം 240 ജൂനിയർ സൂപ്രണ്ട്/ അസിസ്റ്റന്റ് സെക്രട്ടറിമാരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ട്.

പഞ്ചായത്ത് മെമ്പർമാർക്ക് സഹായികൾ

161 (5514) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് മെമ്പർമാർക്ക് സഹായികളായി ആളുകളെ നിയമിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും സഹായികളുടെ ചുമതലകളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly